ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.10.2024**

## പ്രധാനവാർത്തകൾ

1. 155-ാം ജന്മവാർഷികദിനത്തിൽ രാഷ്ട്രപിതാവിന്റെ ദീപ്തസ്മരണയിൽ രാജ്യം ; ഗാന്ധിജിയുടെ ജീവിതവും ദർശനങ്ങളും എന്നും പ്രചോദനമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. സ്വച്ഛ് ഭാരത് ദിന പരിപാടിയിൽ ഒമ്പതിനായിരം കോടി രൂപയുടെ ശുചിത്വ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.
3. മാലിന്യമുക്ത നവകേരളം ജനകീയ പ്രചാരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.
4. വൃത്തിയിലൂടെ ആരോഗ്യ സംരക്ഷണം എന്നത് മുദ്രാവാക്യമായി ഉയർത്തണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി .
5. ഇറാന്റെ മിസൈൽ ആക്രമണത്തിന് പിന്നാലെ ഇസ്രയേലിലുള്ള ഇന്ത്യക്കാർക്ക് എംബസിയുടെ ജാഗ്രതാനിർദേശം.
6. ട്വൻറി-20 വനിതാ ക്രിക്കറ്റ് ലോകകപ്പിന് നാളെ തുടക്കമാകും.

***********************************

RNU TVPM

## ഗാന്ധിജയന്തി - പുഷ്പാർച്ചന

155-ാം ജന്മവാർഷികദിനത്തിൽ രാഷ്ട്രപിതാവിന്റെ ദീപ്ത സ്മരണയിൽ രാജ്യം.

(മ്യൂസിക്)

രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ രാജ്ഘട്ടിലെത്തി പുഷ്പാർച്ചന നടത്തി. സമാധിയിൽ സർവധർമ്മ പ്രാർത്ഥനാ സഭ നടന്നു. സത്യം, ഐക്യം, സമത്വം എന്നിവയിൽ അധിഷ്ഠിതമായ ബാപ്പുവിൻ്റെ ജീവിതവും ദർശങ്ങളും എന്നും പ്രചോദനമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ന്, മുൻപ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ 120-ാം ജന്മവാർഷികദിനത്തിൽ ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അടക്കമുള്ള രാഷ്ട്രനേതാക്കൾ വിജയ് ഘട്ടിലെത്തി പുഷ്പാർച്ചന നടത്തി.

**********************************

RNU TVPM

## പ്രധാനമന്ത്രി - INTRO

ഗാന്ധിജയന്തി ദിനത്തിൽ രാജ്യത്ത് ശുചിത്വം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട്, ഒമ്പതിനായിരം കോടി രൂപയിലേറെ വരുന്ന വിവിധ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു . AMRUT, AMRUT 2.0, ഗംഗാ ശുചീകരണം ലക്ഷ്യമിട്ടുള്ള ദേശീയ ദൗത്യം, ഗോബർധൻ പദ്ധതിക്ക് കീഴിൽ 15 ബയോഗ്യാസ് പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. രാജ്യത്തെ കോടിക്കണക്കിനു ജനങ്ങളുടെ പ്രതിബദ്ധതയുടെ തെളിവാണ് ശുചിത്വ ഭാരത ദൗത്യത്തിന്റെ ഈ വലിയ വിജയമെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

(പിഎം - വോയ്സ്)

********************************

## ഗവർണർ, മുഖ്യമന്ത്രി - ഗാന്ധിജയന്തി

ഗാന്ധിജയന്തി ദിനത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആശംസകൾ നേർന്നു. കോഴിക്കോട് കോർപ്പറേഷൻ ഓഫീസിന് സമീപമുള്ള ഗാന്ധി പ്രതിമയിൽ അദ്ദേഹം പുഷ്പാർച്ചനയും ഹാരാർപ്പണവും നടത്തി. ഗാന്ധിജിയുടെ ആശയങ്ങളും സന്ദേശങ്ങളും കെടാതെ കാക്കുമെന്ന പ്രതിജ്ഞയാണ് ഇന്നേ ദിവസം നമ്മൾ പുതുക്കേണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

********************************

## പ്രൊഫ:എം.എൻ.കാരശ്ശേരി.. (വോയ്സ്)

ഗാന്ധിജയന്തി ദിനത്തിൽ ആകാശവാണി വാർത്തകളോട് ഗാന്ധിയൻ ദർശനങ്ങളുടെ കാലിക പ്രസക്തി വ്യക്തമാക്കുകയാണ് ചിന്തകനും എഴുത്തുകാരനുമായ പ്രൊഫ എം.എൻ. കാരശ്ശേരി.

(വോയ്സ്)

********************************

## പത്തനംതിട്ട... ഇൻട്രോ

പ്രായാധിക്യത്തിന്റെ അവശതകളും ഓർമ്മക്കുറവും ഏറെ ബാധിച്ചിട്ടുണ്ടെങ്കിലും പത്തനംതിട്ട ആറന്മുള മല്ലപ്പുഴശ്ശേരി സ്വദേശിനിയും 97 കാരിയുമായ വനജാക്ഷിയമ്മയുടെ ഗാന്ധി ദർശനത്തിന്റെ ദീപ്ത സ്മരണകൾക്ക് കാലം തെല്ലും മങ്ങലേൽപ്പിച്ചിട്ടില്ല. **വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

RNU TVPM

(വോയ്സ്)

*********************************

<u>സ്വച്ഛത ഹി സേവാ ക്യാമ്പയ്ൻ</u>

വ്യത്തിയിലൂടെ ആരോഗ്യ സംരക്ഷണം എന്നത് നാം മുദ്രാവാക്യമായി ഉയർത്തണമെന്നും വൃത്തിയും ആരോഗ്യവുമുള്ള ഒരു നല്ല നാളെയ്ക്കായി ഒരുമിച്ച് കൈകോർക്കാം എന്നും കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി. തൃശൂർ തളിക്കുളം ബീച്ചിലെ സ്വച്ഛതാ ക്യാമ്പയിൻ ഫ്ലാഗ് ഓഫ് ചെയ്ത അദ്ദേഹം കടലോരത്തെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിൽ പങ്കാളിയായി.നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ നടന്ന ശുചീകരണ യജ്ഞം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉൽഘാടനം ചെയ്തു.

*********************************

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*********************************

<u>പ്രധാനമന്ത്രി - ഝാർഖണ്ഡ്</u>

ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ജാർഖണ്ഡിലെത്തും. ഹസാരിബാഗിൽ, ജനജാതിയ ഉന്നത് ഗ്രാമാഭിയാൻ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഗോത്ര സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി

RNU TVPM

മെച്ചപ്പെടുത്തുന്നതിനാണ് **79,156** കോടി രൂപയുടെ പദ്ധതി ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര ഗോത്രകാര്യ മന്ത്രി ജുവൽ ഒറാം പറഞ്ഞു. ഗാന്ധി മൈതാനിയിൽ നടക്കുന്ന പൊതുയോഗത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

*********************************

## കേന്ദ്ര സഹായം - പ്രളയം

പ്രളയം ബാധിച്ച കേരളമുൾപ്പെടെ 14 സംസ്ഥാനങ്ങൾക്ക് സഹായധനവുമായി കേന്ദ്ര സർക്കാർ. കേരളത്തിന് 145.60 കോടി രൂപയാണ് അനുവദിച്ചത്. 14 സംസ്ഥാനങ്ങൾക്കായി 5858.60 കോടി നൽകും.

*********************************

RNU TVPM

## ജനകീയ യത്നം- മുഖ്യമന്ത്രി (വോയ്സ്)

ആറു മാസം കൊണ്ട് കേരളത്തെ മാലിന്യമുക്ത സംസ്ഥാനമാക്കുന്നതിനുള്ള ജനകീയ യത്നത്തിന് തുടക്കമായി. പൊതുജന പങ്കാളിത്തത്തോടെ അന്താരാഷ്ട്ര ശൂന്യമാലിന്യ ദിനമായ 2025 മാർച്ച് 30 ന് കേരളത്തെ മാലിന്യത്തിൽ നിന്ന് മോചിപ്പിക്കുകയാണ് ലക്ഷ്യം. കൊട്ടാരക്കരയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

(മുഖ്യമന്ത്രി - വോയ്സ്)

*********************************

## സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന്

തിരുവനന്തപുരത്തു നിർവഹിക്കും. ആദിവാസികൾക്ക് 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച ട്രൈബൽ പ്ലസ് പദ്ധതിയിൽ ഏറ്റവും കൂടുതൽ തൊഴിൽ ദിനം സൃഷ്ടിച്ച പഞ്ചായത്തിനുള്ള 'മഹാത്മാ ഗോത്ര സമൃദ്ധി' പുരസ്‌ക്കാര സമർപ്പണവും ചടങ്ങിൽ നിർവഹിക്കും .

********************************

## ജാഗ്രതാനിർദേശം

ഇറാന്റെ മിസൈൽ ആക്രമണത്തിന് പിന്നാലെ ഇസ്രയേലിലുള്ള മലയാളികളടക്കമുള്ള ഇന്ത്യക്കാർക്ക് എംബസിയുടെ ജാഗ്രതാനിർദേശം. സുരക്ഷിത സ്ഥലങ്ങളിൽ തുടരണമെന്നും അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്നുമാണ് നിർദേശം. അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടാവുന്ന നമ്പറുകൾ +972-547 520 711, +972-543 278 392. അതിനിടെ, പശ്ചിമേഷ്യയിൽ സംഘർഷം വ്യാപിക്കുന്നത് തടയണമെന്ന് വീണ്ടും ഇന്ത്യ ആവശ്യപ്പെട്ടു.

RNU TVPM

********************************

## വനിതാ ട്വന്റി-20

ട്വന്റി-20 വനിതാ ക്രിക്കറ്റ് ലോകകപ്പിന് നാളെ തുടക്കമാകും. ഷാർജ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ബംഗ്ലാദേശും സ്കോട്ലൻഡും തമ്മിലാണ് ആദ്യ മത്സരം. ഇന്ത്യയുടെ ആദ്യ മത്സരംവെള്ളിയാഴ്ചയാണ്.

********************************

## നവരാത്രി

നവരാത്രി വിഗ്രഹങ്ങൾക്ക് കളിയിക്കാവിളയിൽ കേരള പൊലീസ്, റവന്യൂ, ദേവസ്വം അധികൃതർ ചേർന്ന് വരവേൽപ്പ് നൽകി. നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലാണ് വിശ്രമം. നാളെ ഘോഷയാത്ര തിരുവനന്തപുരത്ത് എത്തുന്നതിനോടനുബന്ധിച്ച് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

*********************************

## നവരാത്രി - അവധി

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകൾക്ക് ഈ മാസം 11 ന് സർക്കാർ അവധി പ്രഖ്യാപിച്ചു.

RNU TVPM

*********************************

## ഗവർണർ

സ്വർണ്ണ കടത്ത് വിഷയത്തിൽ മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ റിപ്പോർട്ട് ആവശ്യപെട്ട് കത്ത് നൽകുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഫോൺ ചോർത്തൽ വിഷയത്തിൽ റിപ്പോർട്ട് തേടിയിട്ടുണ്ടെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളെ അറിയിച്ചു. ഷിരൂരിൽ മണ്ണിടിച്ചിലിനെത്തുടർന്ന് മരിച്ച അർജ്ജുന്റെ വീട് ഗവർണർ സന്ദർശിച്ചു.

*********************************

## പിവി അൻവർ

പുതിയ രാഷ്ട്രീയ പാർട്ടി രൂപീകരിക്കുമെന്ന് പി വി അൻവർ എംഎൽഎ. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പാർട്ടിക്ക് സ്ഥാനാർത്ഥികളുണ്ടാവുമെന്നും യുവാക്കൾ

അടക്കമുള്ള പുതിയ ടീം വരുമെന്നും അദ്ദേഹം പറഞ്ഞു. മതേതരത്തിൽ ഊന്നി ദളിത്, പിന്നാക്ക വിഭാഗങ്ങളെ ചേർത്ത് പുതിയ പാർട്ടി രൂപീകരിക്കുമെന്ന് അൻവർ എംഎൽഎ പറഞ്ഞു.

*********************************

## മുഖ്യമന്ത്രി - മുഹമ്മദ് റിയാസ്

മുഖ്യമന്ത്രിയുടെ അഭിമുഖത്തിന് പിആർ ഏജൻസിയുടെ സഹായമില്ലെന്ന് മന്ത്രി മുഹമ്മദ് റിയാസ്. അഭിമുഖവുമായി ബന്ധപ്പെട്ട് ഉയർന്ന വിവാദങ്ങളോട് പ്രതികരിക്കവേ മുഖ്യമന്ത്രിയ്ക്ക് ഇടനിലക്കാരന്റെ ആവശ്യമില്ലെന്ന് അദ്ദേഹം പറഞ്ഞു. കൂടുതൽ പ്രതികരണം മുഖ്യമന്ത്രിയും ഓഫീസും നടത്തുമെന്നും മന്ത്രി പറഞ്ഞു.

RNU TVPM

*********************************************************************************************

****************************************